പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2092      11.02.2020 ൽ മറുപടിക്ക്

## സംസ്ഥാന ആരോഗ്യ ഏജൻസി

| ചോദ്യം<br>ഡോ.എം. കെ. മുനീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ആരോഗ്യ ഏജൻസി രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | 10.01.2020 ലെ സ.ഉ(കൈ)3/2020/ആ.കു.വ പ്രകാരം സംസ്ഥാന ആരോഗ്യ ഏജൻസി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• ആയുഷ്മാൻ ഭാരത് പദ്ധതിയുമായി സഹകരിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)യുടെ കീഴിലുള്ള കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുക<br>• സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) പ്രകാരം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ആരോഗ്യ പരിരക്ഷ നൽകുക<br>• കേരളത്തിലെ ജനങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനു ആരോഗ്യ ഇൻഷ്വറൻസ് പാക്കേജുകൾ കണ്ടെത്തുകയും രൂപപ്പെടുത്തുകയും ചെയ്യുക.<br>• പൗരന്മാരുടെ ദാരിദ്ര്യത്തിലേക്ക് നയിക്കുന്ന പ്രധാന അരക്ഷിതാവസ്ഥയായ മെഡിക്കൽ പരിചരണത്തിനും ആശുപത്രി വാസത്തിനുമുള്ള കനത്ത ചെലവ് കുറയ്ക്കുന്നതിന് ഉതകുന്ന തരത്തിലുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികളുടെ നടപ്പാക്കലും നയരൂപീകരണത്തിനുമായി കേന്ദ്ര സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ, ഏജൻസികൾ, സംഘടനകൾ എന്നിവയെ ഏകോപിപ്പിക്കുകയും വിദഗ്ധർ, |
| (ബി) | പ്രസ്തുത ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | | |
| (സി) | ഏജൻസി രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിക്കുകയും ചെയ്യുക.<br>• ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ഉദ്ദേശിച്ചുള്ള പരിപാടികൾ രൂപീകരിക്കുന്നതിന് സാങ്കേതിക, സാമ്പത്തിക സഹായം നൽകുക.<br>• കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ദരിദ്രർക്ക് വേണ്ടിയുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ വിവിധ വകുപ്പുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ആരോഗ്യ ഇൻഷുറൻസ് ദാതാക്കൾ, ആരോഗ്യ സേവന ദാതാക്കൾ, സഹകരണ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുക.<br>• സമൂഹത്തിന് ലഭ്യമായ വിവിധ പദ്ധതികളെക്കുറിച്ചു അവബോധം സൃഷ്ടിക്കുന്നതിനും മറ്റു കാര്യങ്ങൾ ചെയ്യുന്നതിനുമായി പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക.<br>• കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത ആരോഗ്യ പ്രശ്നങ്ങൾക്കായി സിഎസ്ആർ / ജീവകാരുണ്യ ഫണ്ടിംഗ് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക. |

Hari

സെക്ഷൻ ഓഫീസർ